# നമസ്കാര ശേഷമുള്ള കൂട്ടുപ്രാർത്ഥന

ശാഫി സ്വലാഹി ചങ്ങലീരി

ഫർള് നമസ്കാര ശേഷം ഇമാം തിരിഞ്ഞിരുന്നുകൊണ്ട് പ്രാർത്ഥനക്ക് നേതൃത്വം നൽകുകയും മഅ്മൂമുകൾ അതിന് ആമീൻ പറയുകയും ചെയ്യുന്ന കൂട്ടുപ്രാർത്ഥന നമ്മുടെ നാട്ടിൽ ഒട്ടുമിക്ക പള്ളികളിലും കാണാൻ സാധിക്കും. എന്നാൽ ഈ സമ്പ്രദായത്തിന് ഇസ്ലാമിക പ്രമാണങ്ങളിൽ യാതൊരു പിൻബലവും കാണാൻ സാധിക്കുകയില്ല. അപ്രകാരംതന്നെ ശാഫിഈ മദ്ഹബും ഈ സ്മ്പ്രദായത്തെ അനുകൂലിക്കുന്നില്ലെന്ന് വ്യക്തമായി കാണാം. ഇമാം ശാഫിഈ(റ) തന്നെ പറയുന്നത് കാണുക:

**(അൽ ഉമ്മ്: 1/205)**

( **قال الشافعى** ) وهذا من المباح للإمام وغير المأموم قال وأى إمام ذكر الله بما وصفت جهراً أو سراً أو بغيره فحسن وأختار للإمام والمأموم أن يذكرا الله بعد الانصراف من الصلاة ويخفيان الذكر إلا أن يكون إماما يجب أن يتعلم منه فيجهر حتى يرى أنه قد تعلم منه ثم يسر فإن الله عز وجل يقول « ولا تجهر بصلاتك ولا تخافت بها » يعنى والله تعالى أعلم الدعاء ولا تجهر ترفع ولا تخافت حتى لاتسمع نفسك وأحسب ماروى ابن الزبير من تهليل النبى صلى الله عليه وسلم وما روى ابن عباس من تكبيره كما رويناه .



( **قال الشافعى** ) وأحسبه إنما جهر قليلا ليتعلم الناس منه وذلك لأن عامة الروايات التى كتبناها مع هذا وغيرها ليس يذكر فيها بعد التسليم تهليل ولا تكبير وقد يذكر أنه ذكر بعد الصلاة بما وصفت ويذكر انصرافه بلا ذكر وذكرت أم سلمة مكثه ولم يذكر جهراً وأحسبه لم يمكث إلا ليذكر ذكرا غير جهر فإن قال قائل ومثل ماذا ؟ قلت مثل أنه صلى على المنبر يكون قيامه وركوعه عليه وتقهقر حتى يسجد على الأرض وأكثر عمره لم يصل عليه ولكنه فيما أرى أحب أن يعلم من لم يكن يراه ممن بعد عنه كيف القيام والركوع والرفع يعلمهم أن فى ذلك كله سعة ، وأستحب أن يذكر الإمام الله شيئا فى مجلسه قدر ما يتقدم من انصرف من النساء قليلا كما قالت أم سلمة ثم يقوم ، وإن قام قبل ذلك أو جلس أطول من ذلك فلا شىء عليه وللمأموم أن ينصرف إذا قضى الإمام السلام قبل قيام الإمام وأن يؤخر ذلك حتى ينصرف بعد انصراف الإمام أو معه أحب إلى له وأستحب للمصلى منفردا وللمأموم أن يطيل الذكر بعد الصلاة ويكثر الدعاء رجاء الإجابة بعد المكتوبة .

“നമസ്കാരത്തിൽ നിന്നു സലാം കൊണ്ട് പിരിഞ്ഞശേഷം ഇമാമും മഅ്മൂമും പതുക്കെ ദിക്റ് ചൊല്ലുന്നതിനെ ഞാൻ (ഇമാംശാഫിഈ(റ)) പ്രാധാന്യം നൽകുന്നു. എന്നാൽ ഇമാമിൽ നിന്നും ദിക്റുകൾ പഠിക്കേണ്ടുന്ന രൂപത്തിലുള്ള മഅ്മൂം ആണെങ്കിൽ അവൻ പഠിച്ചുവെന്ന് ഇമാമിന് അഭിപ്രായമുണ്ടാകുന്നതുവരെയുള്ള ദിവസങ്ങളിൽ ഇമാം ദിക്റുകൾ ഉറക്കെ ചൊല്ലണം. പിന്നീട് പതുക്കെയാവണം...

....ഉമ്മുസലമ(റ) പറഞ്ഞതുപോലെ നമസ്കാരത്തിൽ നിന്ന് സലാം വീട്ടിയ സ്ത്രീകൾ പിരിഞ്ഞുപോകുന്നതുവരെ ഇമാം അൽപസമയം നമസ്കാര സ്ഥലത്തിരുന്ന് ദിക്റ് ചൊല്ലുന്നത് ഞാൻ സുന്നത്തായി കാണുന്നു. സ്ത്രീകൾ പോയികഴിഞ്ഞാൽ ഇമാം എഴുന്നേൽക്കണം....”

ഇനി അദ്ദേഹം തന്നെ ഇക്കാര്യം ഹദീസുദ്ധരിച്ച് വ്യക്തമാക്കുന്നത് കാണുക:

(അസ്സുനൻ: 1/191)



باب ما جاء في جلوس الإمام (في)(١) مكانه الذي صلى فيه بعد أن يسلم

٧٦ ـ حدثنا الشافعي رحمه الله، قال: أخبرنا إبراهيم بن سعد، عن ابن شهاب، قال: أخبرتني هند ابنة الحارث بن عبد الله بن أبي ربيعة، عن أم سلمة زوج النبي ﷺ قالت:

كان رسول الله ﷺ إذا سلَّم من صلاته، قام النساءُ حين يَقضي تَسْليمه، ومكثَ النبيُّ ﷺ في مكانه يسيراً.

قال ابن شهاب: فنرى أن مُكْثَه ذلك ـ والله أعلم ـ لكي يَنْفُذَ النساءُ قبل أن يُدركهن مَنْ انصرف من القوم(٢).

*അർത്ഥം:* “ ഇമാം ശാഫിഈ(റ) പറഞ്ഞു: ....പ്രവാചക പത്നി ഉമ്മുസലമ(റ)യിൽനിന്ന് നിവേദനം: നബി(ﷺ) സലാം വീട്ടിയാൽ അന്നേരം സ്ത്രീകൾ എഴുന്നേറ്റുപോകും. നബി(ﷺ)യും അൽപസമയം അവിടെത്തന്നെ ഇരിക്കും. ഇബ്നുശിഹാബ്(റ) പറയുന്നു: (അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ) ജനങ്ങളിൽ നിന്ന് (പുരുഷന്മാരിൽനിന്ന്) പിരിഞ്ഞു പോകുന്നവർ സ്ത്രീകളുമായി കൂടിക്കലരുന്നതിന്നു മുമ്പായി സ്ത്രീകൾ എഴുന്നേറ്റു പോകുവാൻ വേണ്ടിയായിരുന്നു നബി(ﷺ)യുടെ (അൽപസമയത്തെ) ഇരുത്തമെന്ന് ഞങ്ങൾ കണ്ടിരുന്നത്.” *(അസ്സുനൻ: 1/191)*

ഇതേ ഹദീസുതന്നെ അദ്ദേഹം തന്റെ ‘അൽ ഉമ്മി’ലും *(1/204)* ഉദ്ധരിച്ചിട്ടുണ്ട്.

ഇവിടെ കൂട്ടുപ്രാർത്ഥനയില്ല എന്നത് വ്യക്തമാണല്ലോ. മാത്രമല്ല, ഇമാം ശാഫിഈ(റ) ഈ ഹദീസിന് നൽകിയിരിക്കുന്ന തലക്കെട്ട് “നമസ്കാരശേഷം ഇമാം താൻ ഇരുന്ന സ്ഥലത്തുതന്നെ ഇരിക്കുന്നതിന്റെ അദ്ധ്യായം” എന്നതാണ്. അഥവാ, ഇമാം

നമസ്കാരശേഷം അവിടെതന്നെ ഇരിക്കേണ്ടത് പിന്നിലുള്ള സ്ത്രീകളും പുരുഷന്മാരും കൂടിക്കലരാതിരിക്കാൻ വേണ്ടിയാണെന്നർത്ഥം. അല്ലാതെ കൂട്ടുപ്രാർത്ഥനക്കോ മറ്റെന്തെങ്കിലും കാര്യങ്ങൾക്കോ അല്ല. മാത്രമല്ല 'സ്ത്രീകൾ പിരിഞ്ഞുപോകുന്നതുവരെ' എന്ന പ്രസ്താവനയിൽ നിന്നും സ്ത്രീകൾക്കും പള്ളിയിലുള്ള സംഘടിത നമസ്കാരത്തിൽ പങ്കെടുക്കാമെന്നും വ്യക്തമായി. അത്തരം സമ്പ്രദായം നബി(ﷺ) അംഗീകരിച്ച സുന്നത്താണെന്ന് മേൽ ഹദീസിലൂടെ വ്യക്തമാവുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ഇന്ന് നമ്മുടെ നാട്ടിലെ, സുന്നികളാണെന്ന് പറയുന്നവരുടെ പള്ളികളിൽ കാണുന്ന നമസ്കാരശേഷമുള്ള കൂട്ടുപ്രാർത്ഥനയും സ്ത്രീകൾ പങ്കെടുക്കാതിരിക്കലും ശാഫിഈ മദ്ഹബിലില്ലെന്നും എന്നാൽ ഇരുവരും(ഇമാമും മഅ്മൂമുകളും) പതുക്കെ, സ്വന്തമായി ദിക്റ് ചൊല്ലി പ്രാർത്ഥിക്കണമെന്നുമാണ് ഇമാം ശാഫിഈ(റ) പഠിപ്പിച്ചിട്ടുള്ളത് എന്നും മേൽ ഉദ്ധരണികളിലൂടെ വ്യക്തമായി.

❖❖❖❖❖❖❖❖